## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

03.11.2011- ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 729

## ചെറുകിട നാമമാത്ര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ചെറുകിട നാമമാത്ര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഈ മേഖലയിലെ കർഷകർക്ക് നിലവിലുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ; | ബി) ചെറുകിട നാമമാത്ര കർഷകർക്ക് നിലവിലുള്ള ക്ഷേമ പദ്ധതികൾ ഇവയാണ്.<br>1) ഒരു ഹെക്ടറിനു താഴെ കൃഷി ഭൂമിയുള്ളതും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് എങ്കിലും നെൽകൃഷി ചെയ്യുന്നവരും 1.4.2009 ൽ 60 വയസ്സ് പൂർത്തീകരിച്ചതുമായ നെൽ കർഷകർക്ക് നിലവിൽ പ്രതിമാസം 300/- രൂപ പെൻഷൻ നൽകി വരുന്നു.<br>2) സർക്കാർ ഉത്തരവ് നം. 197/2011/കൃഷി തീയതി 16.8.2011 പ്രകാരം സംസ്ഥാനത്തെ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും കൂടി പെൻഷൻ അനുവദിച്ചുത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 60 വയസ്സ് കഴിഞ്ഞ കുടുംബനാഥനോ കുടുംബനാഥയ്ക്കോ പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ ലഭിക്കുന്നു. സർക്കാർ ഉദ്യോഗമോ മറ്റ് സർക്കാർ-അർദ്ധ സർക്കാർ പെൻഷൻ പദ്ധതി ആനുകൂല്യങ്ങളോ ലഭിക്കാത്തവർക്കായിരിക്കും ഈ പെൻഷൻ ലഭിക്കുക. |

| | |
|---|---|
| സി) ഇത്തരം കർഷകരുടെ കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വിദവ സംസ്കരണ വിപണന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്? | സി) കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ കൃഷി വകുപ്പിന്റെ കീഴിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ 6 മൊത്ത വ്യാപാര വിപണികൾ സ്ഥാപിച്ചിട്ടുണ്ട്. ഈ വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം നടത്തി വിപണനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.<br><br>കർഷകർക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനായി ഉൽപ്പന്നങ്ങളുടെ അടിസ്ഥാന വില നിശ്ചയിച്ച് നടത്തി വരുന്ന ലേലം കർഷകരിൽ നിന്നും യാതൊരു ഫീസും ഈടാക്കാതെ സൗജന്യമായിട്ടാണ് നടത്തുന്നത്. കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡിയും നൽകുന്നു.<br><br>കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാടൻ പച്ചക്കറികളും, പഴവർഗ്ഗങ്ങളും കർഷകർക്ക് ന്യായവില ഉറപ്പാക്കി ഹോർട്ടികോർപ്പ് സംഭരിക്കുകയും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്യുന്നു.<br><br>ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ന്യായവില ഉറപ്പാക്കത്തക്ക വിധത്തിൽ കേരളത്തിലുടനീളം 263 സ്വായശ്രയ കർഷക വിപണികൾ വി.എഫ്.പി.സി.കെ. യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില താഴ്ന്നു പോകുന്ന സാഹചര്യത്തിൽ ഫെയർ പ്രൈസ് സപ്പോർട്ട് മുഖേന പരിഹാരം കണ്ടു വരുന്നു. |

നാളീകേര ബോർഡു മുഖേന നടപ്പിലാക്കുന്ന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതി പ്രകാരം നാളീകേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന യൂണിറ്റുകൾക്ക് പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന നാളീകേര അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന ത്തിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കാൻ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഹോർട്ടിക്കൾച്ചർ ഉൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനുള്ള പദ്ധതികൾ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേനയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ